# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 716 — 20.03.2013-ൽ മറുപടിക്ക്

## നവജാത ശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) നവജാത ശിശുക്കളിൽ ജന്മനാ ഉണ്ടാകുന്ന ജനിതക വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനായി സ്ക്രീനിംഗ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. നവജാത ശിശുക്കളിൽ ജന്മനാൽ വരാൻ സാദ്ധ്യതയുള്ള ജനിതക രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സ്ക്രീനിംഗ് ടെസ്റ്റുകൾ കേരളത്തിലെ 4 പബ്ലിക് ഹെൽത്ത് ലാബുകൾ നടത്തുന്നു (സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ എറണാകുളം, കോഴിക്കോട്, കണ്ണൂർ). |
| (ബി) ഏതൊക്കെ രോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റുകളാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന മെറ്റാബോളിക് അല്ലെങ്കിൽ ജനിതക രോഗങ്ങൾ നേരത്തെ കണ്ടുപിടിച്ച് ചികിത്സ നൽകിയാൽ ബുദ്ധി മാന്ദ്യം, ഓട്ടിസം, അപസ്മാരം മുതലായ ഗുരുതരമായ അസുഖങ്ങളിൽ നിന്നും കുഞ്ഞുങ്ങളെ രക്ഷിക്കുവാൻ കഴിയും. കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 44 ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങളിൽ ഇത്തരം രോഗങ്ങൾ വ്യാപകമായി കാണുന്ന പക്ഷം പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആശുപത്രികളിൽ നിന്നും ലഭിക്കുന്ന രക്ത സാംബിളുകൾ പരിശോധിച്ച് പരിശോധന ഫലം പബ്ലിക് ഹെൽത്ത് ലാബുകളിൽ നിന്നും ആശുപത്രികൾക്ക് കൈമാറുകയും ടെസ്റ്റ് ഫലം പോസിറ്റീവ് ആകുന്ന കുഞ്ഞുങ്ങളെ വിദഗ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളേജുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യും. |

(....2)

(സി) ഇത് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണോ ; ഇല്ലെങ്കിൽ മുഴുവൻ സർക്കാർ ആശുപത്രികളിലും ഈ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

(സി) ഇല്ല. താഴെ പറയുന്ന ആശുപത്രികളിലാണ് ആദ്യ ഘട്ടത്തിൽ ഇത് ലഭ്യമാക്കിയിട്ടുള്ളത്.

തിരുവനന്തപുരം - എസ്.എ.റ്റി. ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തൈക്കാട്, ജില്ലാ മോഡൽ ആശുപത്രി പേരൂർക്കട, താലൂക്ക് ആശുപത്രി ചിറയിൻകീഴ്, താലൂക്ക് ആശുപത്രി നെടുമങ്ങാട്.

കൊല്ലം - വിക്ടോറിയ ആശുപത്രി, താലൂക്ക് ആശുപത്രി കൊട്ടാരക്കര, താലൂക്ക് ആശുപത്രി പുനലൂർ, താലൂക്ക് ആശുപത്രി കരുനാഗപ്പള്ളി.

ആലപ്പുഴ – എം.സി.എച്ച് (പി.പി.യൂണിറ്റ്), സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, താലൂക്ക് ആശുപത്രി ചേർത്തല.

പത്തനംതിട്ട – ജനറൽ ആശുപത്രി പത്തനംതിട്ട, ജനറൽ ആശുപത്രി അടൂർ, ജില്ലാ ആശുപത്രി കോഴഞ്ചേരി.

ഇടുക്കി - താലൂക്ക് ആശുപത്രി അടിമാലി, താലൂക്ക് ആശുപത്രി നെടുംകണ്ടം, താലൂക്ക് ആശുപത്രി തൊടുപുഴ.

കോട്ടയം - എം.സി.എച്ച്, ജില്ലാ ആശുപത്രി.

എറണാകുളം - ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രി ആലുവ, താലൂക്ക് ആശുപത്രി നോർത്ത് പറവൂർ.

തൃശ്ശൂർ - ജില്ലാ ആശുപത്രി തൃശ്ശൂർ, താലൂക്ക് ആശുപത്രി കൊടുങ്ങല്ലൂർ, എം.സി.എച്ച്.

പാലക്കാട് - ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി മണ്ണാർക്കാട്.

കോഴിക്കോട് - എം.സി.എച്ച്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കോഴിക്കോട്, താലൂക്ക് ആശുപത്രി കുറ്റ്യാടി, താലൂക്ക് ആശുപത്രി താമരശ്ശേരി.

വയനാട് - ജില്ലാ ആശുപത്രി മാനന്തവാടി, താലൂക്ക് ആശുപത്രി ബത്തേരി.

കണ്ണൂർ - ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി തലശ്ശേരി, താലൂക്ക് ആശുപത്രി തളിപ്പറമ്പ.

കാസർഗോഡ് - ജനറൽ ആശുപത്രി കാസർഗോഡ്, ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്.

മലപ്പുറം - ജില്ലാ ആശുപത്രി മഞ്ചേരി, താലൂക്ക് ആശുപത്രി നിലമ്പൂർ, താലൂക്ക് ആശുപത്രി പെരിന്തൽമണ്ണ, താലൂക്ക് ആശുപത്രി തിരൂർ, താലൂക്ക് ആശുപത്രി പൊന്നാനി.

(....3)

കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 44 ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങളിൽ ഇത്തരം രോഗങ്ങൾ വ്യാപകമായി കാണുന്ന പക്ഷം പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കു വാൻ ഉദ്ദേശിക്കുന്നുണ്ട്.

ആശുപത്രികളിൽ നിന്നും ലഭിക്കുന്ന രക്ത സാംബിളുകൾ പരിശോധിച്ച് പരിശോധന ഫലം പബ്ലിക് ഹെൽത്ത് ലാബുകളിൽ നിന്നും ആശുപത്രികൾക്ക് കൈമാറുകയും ടെസ്റ്റ് ഫലം പോസിറ്റീവ് ആകുന്ന കുഞ്ഞുങ്ങളെ വിദഗ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളേജുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യും.

സെക്ഷൻ ഓഫീസർ